**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 481** **08-11-2021 - ൽ മറുപടിയ്ക്ക്**

**കുട്ടിക്കലിൽ ഉണ്ടായ ഉരുൾപൊട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ശക്തമായ മഴയിൽ ഉരുൾപൊട്ടലുണ്ടായ കോട്ടയം ജില്ലയിലെ കുട്ടിക്കൽ പ്രദേശത്ത് ക്വാറികൾക്ക് പ്രവർത്തന അനുമതി നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലയിലെ കുട്ടിക്കൽ വില്ലേജിൽ ബ്ലോക്ക് നം.79 ൽ സർവെ നമ്പർ 59/1-1, 86/4 എന്നിവയിൽപ്പെട്ട സ്ഥലത്ത് മെ.പെട്രാ ക്രഷേഴ്സ്, ഡോർ നം.54/ബി. മണർകാട് പി.ഒ, കോട്ടയം എന്ന സ്ഥാപനത്തിന് ഖനനാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശം പരിസ്ഥിതിലോല പ്രദേശമായി കണക്കാക്കിയിരുന്നോയെന്ന് അറിയിക്കാമോ; | (ബി) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 03.10.2018 ലെ S.O.5135(E) കരട് വിജ്ഞാപനം പ്രകാരം കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഉൾപ്പെടുന്ന കുട്ടിക്കൽ വില്ലേജ് ESA വില്ലേജുകളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഇത് സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | കുട്ടിക്കലിലുണ്ടായ ദുരന്തത്തിന് ക്വാറികളും കാരണമായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | കുട്ടിക്കൽ വില്ലേജിൽ നിലവിൽ ഒരു ക്വാറിക്ക് മാത്രമേ പ്രവർത്തനാനുമതി ഉള്ളൂ. കുട്ടിക്കലിലുണ്ടായ ദുരന്തത്തിന് ക്വാറികളും കാരണമായിട്ടുണ്ടോ എന്ന് പ്രത്യേകമായി പരിശോധിച്ചിട്ടില്ല. |
| (ഡി) | പരിസ്ഥിതിലോല പ്രദേശങ്ങളിൽ ക്വാറികൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 03.10.2018 ലെ S.O.5135(E) കരട് വിജ്ഞാപനം പ്രകാരം പരിസ്ഥിതിലോല പ്രദേശങ്ങളായി നിർണ്ണയിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഖനനപ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്വാറികൾ 5 വർഷത്തിനകം പ്രവർത്തനം അവസാനിപ്പിക്കുകയും പുതിയതായി ഖനനപ്രവർത്തനങ്ങൾക്കും, ക്വാറിയിംഗിനും പൂർണ്ണമായി നിരോധനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ